ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കോതമംഗലം നമ്പർ.1 സെക്ഷൻ ഓഫീസ് വിഭജിച്ച് നെല്ലിക്കുഴി പഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇലക്ട്രിക് ലോക്കോഷെഡ് സ്ഥാപിക്കുന്നതിന് നടപടി

59 (3213) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രെയിനുകളുടെ വൈദ്യുതി എൻജിൻ അറ്റകുറ്റപ്പണികൾക്കുള്ള ഇലക്ട്രിക് ലോക്കോഷെഡ് കേരളത്തിൽ ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല. സംസ്ഥാനത്ത് നിലവിൽ ഇലക്ട്രിക് ലോക്കോഷെഡ് ഇല്ല. ഈറോഡുള്ള ഇലക്ട്രിക് കം ഡീസൽ ലോക്കോഷെഡിലാണ് എഞ്ചിൻ അറ്റകുറ്റപ്പണികൾ നിലവിൽ ചെയ്തുവരുന്നത്. റെയിൽവേയുടെ മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് ഇലക്ട്രിക് ലോക്കോഷെഡ് സ്ഥാപിക്കേണ്ടതാണ്. അതിനാൽ ഇക്കാര്യം റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

തീരദേശ റെയിൽവേ വികസനം

60 (3214) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ട്രെയിൻ സർവ്വീസുകളുടെ പ്രശ്നങ്ങളും തീരദേശ റെയിൽവേ സ്റ്റേഷനുകളുടെ പോരായ്മകളും സംബന്ധിച്ച് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങളും അപേക്ഷകളുമാണ് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ, ചേർത്തല ഭാഗങ്ങളിലെ തീരദേശ റെയിൽ പാതയിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലധികവും കാലപ്പഴക്കംമൂലം അപകട സാധ്യത കൂടിയവയാണെന്നും പല കോച്ചുകളിലും ടോയ്ലെറ്റ്, ലൈറ്റ്, ഫാൻ എന്നീ സൗകര്യങ്ങൾ പോലുമില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോരായ്മകൾ പരിഹരിച്ചുകിട്ടുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly